REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് നാളെ.
- ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ശതമാന വർദ്ധനയെപ്പറ്റി പ്രചരിക്കുന്ന വാർത്തകൾ തികച്ചും അടിസ്ഥാന രഹിതമാണെന്ന് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ.
- പ്രധാനമന്ത്രി നരേന്ദ്രമോദി കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ ഏകാന്ത ധ്യാനം തുടരുന്നു.
- ലൈംഗികാരോപണം നേരിടുന്ന കർണാടക MP പ്രജ്വൽ രേവണ്ണയെ പുലർച്ചെ അറസ്റ്റു ചെയ്തു.
- സംസ്ഥാനത്ത് തെക്കു പടിഞ്ഞാറൻ കാലവർഷം എത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് നാളെ. ഏഴ് സംസ്ഥാനങ്ങളിലെ 56 മണ്ഡലങ്ങളിലും ചണ്ഡിഗഢിലുമാണ് നാളെ വോട്ടെടുപ്പ്.

അവസാനഘട്ടത്തിൽ ഉത്തർപ്രദേശിലും, പഞ്ചാബിലും 13 വീതം സീറ്റുകളിലും, പശ്ചിമബംഗാളിൽ ഒൻപത് സീറ്റിലും, ബിഹാറിൽ എട്ടിടത്തും, ഒഡീഷയിൽ ആറിടത്തും വോട്ടെടുപ്പ് നടക്കും. ഹിമാചലിൽ നാല് മണ്ഡലങ്ങളിലും, ഝാർഖണ്ഡിൽ മൂന്നിടത്തും, ചണ്ഡിഗഢിൽ ഒരിടത്തുമാണ് അവസാനഘട്ടത്തിൽ വോട്ടെടുപ്പ്. ഇവിടങ്ങളിൽ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു. ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിവസമാണ്.

നാളെ രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറു വരെ നീളും. ഏഴ് ഘട്ടങ്ങളും അവസാനിക്കുന്നതോടെ രാജ്യത്തെ വിധിയെഴുത്ത് പൂർത്തിയാകും. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ശതമാന വർദ്ധനയെപ്പറ്റി പ്രചരിക്കുന്ന വ്യാജവാർത്തകൾ തികച്ചും അടിസ്ഥാന രഹിതമാണെന്ന് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു. പോൾ ചെയ്ത വോട്ടുകളുടെ ശതമാനം വർദ്ധിപ്പിക്കാൻ ആർക്കും കഴിയില്ലെന്നും, സ്ഥാനാർത്ഥികൾക്കും, ഏജന്റുമാർക്കും വോട്ടിംഗ് ശതമാനം രേഖപ്പെടുത്തിയ 17-C ഫോം കൃത്യമായി നൽകുന്നുണ്ടെന്നും ആകാശവാണിയോടു സംസാരിച്ച രാജീവ് കുമാർ വ്യക്തമാക്കി. വോട്ടെടുപ്പിൽ കൃത്രിമമുണ്ടെന്ന തരത്തിൽ വ്യാപകമായി പ്രചരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. വോട്ടു ചെയ്തവരുടെ എണ്ണവും, വോട്ടിംഗ് യന്ത്രങ്ങളുടെ വിശദാംശങ്ങളും കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകുന്നുണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വിശദീകരിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ ഏകാന്ത ധ്യാനം തുടരുകയാണ്. ഇന്നലെ വൈകിട്ട് ആരംഭിച്ച ധ്യാനം നാളെ ഉച്ചകഴിഞ്ഞായിരിക്കും സമാപിക്കുന്നത്. ഇന്നലെ ഭഗവതി അമ്മൻ ക്ഷേത്രത്തിലെത്തിയ നരേന്ദ്രമോദിയെ പൂർണകുംഭം നൽകി എതിരേറ്റു. വിവേകാനന്ദപ്പാറയ്ക്കു സമീപത്തെ തിരുവള്ളുവർ പ്രതിമയിൽ പുഷ്പങ്ങളർപ്പിച്ചശേഷമാണ് അദ്ദേഹം ധ്യാനമാരംഭിച്ചത്. നാളെ വൈകിട്ട് ഹെലികോപ്ടറിൽ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ ശേഷം പ്രധാനമന്ത്രി ഡൽഹിയ്ക്ക് മടങ്ങും.

✪✪✪

വീട്ടുജോലിക്കാരിയെ ലൈംഗികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന ആരോപണം നേരിടുന്ന കർണാടകയിലെ ഹസൻ MP പ്രജ്വൽ രേവണ്ണയെ പുലർച്ചെയോടെ അറസ്റ്റു ചെയ്തു. ബംഗലൂരു കെംപഗൗഡ വിമാനത്താവളത്തിൽ നിന്നാണ് കർണാടക പ്രത്യേക അന്വേഷണ സംഘം ഇയാളെ പിടികൂടിയത്. ഇന്റർപോളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പൊലീസ് നടപടി. ജനതാദൾ സെക്യുലർ നേതാവും MP യുമായ പ്രജ്വൽ കഴിഞ്ഞ മാസം 27 നാണ് വിദേശത്തേക്ക് കടന്നത്.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളം വഴി മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെൻറ് അനുമതി നൽകി. ഇത് സംബന്ധിച്ച വിജ്ഞാപനം ആരോഗ്യ മന്ത്രാലയം പുറത്തിറക്കി. ഈ അനുമതി ലഭിക്കുന്ന രാജ്യത്തെ 11-ാമത് വിമാനത്താവളമാണ് സിയാൽ. ഇനി മുതൽ വൻകിട സ്റ്റോക്കിസ്റ്റുകൾക്ക് നേരിട്ട് കൊച്ചി വഴി മരുന്നുകളും സൗന്ദര്യവർധകസാധനങ്ങളും ഇറക്കുമതി ചെയ്യാം.

✪✪✪

ജമ്മു കശ്മീരിൽ തീർഥാടകരുമായി പോയ ബസ് 150 അടി താഴ്ചയിലേക്ക് മറിഞ്ഞ് 20 പേർ മരിച്ചു. 15 പേർക്ക് പരുക്കേറ്റു. ജമ്മു ജില്ലയിലെ ചോക്കി ചോര ബെൽറ്റിലെ തംഗി മോർ എന്ന സ്ഥലത്തായിരുന്നു അപകടം.

അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചിച്ചു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും സഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു.

✪✪✪

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. ലോകാരോഗ്യ സംഘടന 1988 മുതലാണ് എല്ലാ വർഷവും മെയ് 31 പുകയില വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്. ചെറുപ്പക്കാരിലെ പുകയില ഉപയോഗം തടയുകയാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ ലക്ഷ്യം.

പുകിയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് തെക്കു പടിഞ്ഞാറൻ കാലവർഷം എത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ രണ്ട് ദിവസം നേരത്തെയാണ് സംസ്ഥാനത്ത് ഇക്കുറി മൺസൂണെത്തിയത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...............

കാലവർഷം എത്തിയതിന് പിന്നാലെ ചക്രവാതചുഴിയും രൂപപ്പെട്ട സാഹചര്യത്തിൽ അടുത്ത ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, കൊല്ലം ഒഴികെ 12

ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടാണ്. കേരള തീരത്ത് ഇന്ന് രാത്രി ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

ഇന്നലെ തിരുവനന്തപുരം വെള്ളായണി പറക്കോട്ട് കുളത്തിൽ കുളിക്കാനിറങ്ങിയ രണ്ട് കുട്ടികൾ മുങ്ങി മരിച്ചു. നേമം നല്ലാണിക്കൽ സ്വദേശികളായ മുഹമ്മദ് ബിലാൽ, മുഹമ്മദ് ഇഹ്സാൻ എന്നിവരാണ് മരിച്ചത്.

കോഴിക്കോട് തിരുവണ്ണൂർ തിരുവച്ചിറ കുളത്തിൽ കുളിക്കാനിറങ്ങിയ ഉത്തർപ്രദേശിലെ ബറേലി സ്വദേശി ഷം റജ് ഖാനും മുങ്ങി മരിച്ചു.

✪✪✪

കൊല്ലം ജില്ലയിൽ കല്ലടയാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായ പിറവന്തൂരിലെ വത്സല, ആദിച്ചനല്ലൂരിലെ രാജശേഖരൻ നായർ എന്നിവർക്കായി തെരച്ചിൽ തുടരുകയാണ്. ജില്ലയിൽ ആകെ 15 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 636 കുടുംബങ്ങളിലെ 1859 പേരുണ്ട്.

✪✪✪

കോട്ടയം ജില്ലയിൽ കനത്തമഴയും, വെള്ളപ്പൊക്കവും കണക്കിലെടുത്ത് ഇന്നലെ 11 ക്യാമ്പുകൾ കൂടി തുറന്നു. ഇതോടെ ക്യാമ്പുകളുടെ എണ്ണം 27 ആയി. 149 കുടുംബങ്ങളിലെ 531 പേർ ക്യാമ്പിലുണ്ട്.

✪✪✪

കൊച്ചി ഇടപ്പള്ളി ഭാഗത്ത് കഴിഞ്ഞദിവസം ഉണ്ടായ വെള്ളക്കെട്ടിന്റെ പശ്ചാത്തലത്തിൽ ഇടപ്പള്ളി തോട്ടിലെ പായലും ചെളിയും അടിയന്തരമായി നീക്കം ചെയ്യുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. ഇതിന്റെ പ്രവർത്തനങ്ങൾ ഇന്ന് ആരംഭിക്കുമെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. ഇടപ്പള്ളി , കളമശേരി മൂലേപ്പാടം പ്രദേശങ്ങൾ മന്ത്രി നേരിൽ കണ്ടു.

അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയും, മാലിന്യങ്ങൾ വലിച്ചെറിയുന്ന മനോഭാവത്തിൽ മാറ്റം വരുത്തിയും സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

കാസർഗോഡ് നീലേശ്വരത്ത് നിന്ന് ബോട്ടുവാങ്ങി നാട്ടിലേക്ക് മടങ്ങവേ കടലിൽ അകപ്പെട്ട മലപ്പുറം സ്വദേശികളായ രണ്ട് യുവാക്കളെ തലശ്ശേരി തീരദേശ പോലീസ് രക്ഷപ്പെടുത്തി. എൻജിൻ തകരാറിനെ തുടർന്ന് കടലിൽ

കുടുങ്ങിയ നൗഫൽ, ജലാൽ എന്നിവരെയാണ് പുലർച്ചെ ഒരു മണിയോടെ രക്ഷിച്ച് കരക്കെത്തിച്ചത്.

ഇന്നലെ രാവിലെ 11 യോടെയാണ് ഇവർ കടലിൽ കുടുങ്ങിയത്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ എലിപ്പനിയടക്കം പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ് മുന്നറിയിപ്പു നൽകി. പലയിടത്തും വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതിനാൽ എലിപ്പനിയ്ക്കെതിരെ പ്രത്യേക ജാഗ്രത ആവശ്യമാണെന്നും തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ മന്ത്രി പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ആദ്യ ഹജ്ജ് യാത്രാ വിമാനം നാളെ പുലർച്ചെ ജിദ്ദയിലേക്ക് പുറപ്പെടും. വിമാനത്താവളത്തിലെ ഹജ്ജ് ക്യാമ്പ് വൈകിട്ട് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O . ശശിധരൻ.

.....(വോയ്സ്).............

✪✪✪

കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങുകളിൽ ഒന്നായ ഇളനീരാട്ടം ഇന്നലെ അർദ്ധരാത്രിയോടെ ആരംഭിച്ചു . വിവിധ മഠങ്ങളിൽ നിന്ന് കൊണ്ടുവന്ന ഇളനീരുകൾ ചെത്തിയൊരുക്കിയാണ് ഇളനീർ അഭിഷേകത്തിന് തയ്യാറാക്കിയത്.

അഭിഷേകം ചെയ്ത ഇളന്നീർ ഭക്തർക്ക് പ്രസാദമായി നൽകി. രണ്ടാമത്തെ ആരാധനയായ അഷ്ടമി ആരാധനയും ഇന്നലെ നടന്നു. ഞായറാഴ്ചയാണ് രേവതി ആരാധന.

✪✪✪

കോട്ടയം പായിപ്പാട് പഞ്ചായത്ത് ഒന്നാം വാർഡിലെ എട്ട്യാകരി പാടശേഖരത്തിൽ താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ഭോപ്പാലിലെ

ദേശീയ ലാബിലെ സാമ്പിൾ പരിശോധനയിലാണ് വളർത്തു താറാവുകളിൽ H -5 N-1 സ്ഥിരീകരിച്ചത്. സ്വകാര്യവ്യക്തിയുടെ ഫാമിലെ 18,000 ത്തോളം താറാവുകളിലാണ് രോഗബാധ കണ്ടെത്തിയത്.

ഇതേ തുടർന്ന് രോഗം സ്ഥിരീകരിച്ച സ്ഥലത്തിന് ഒരു കിലോമീറ്റർ ചുറ്റളവ് പക്ഷിപ്പനി ബാധിതമേഖലയായി ജില്ലാകളക്ടർ പ്രഖ്യാപിച്ചു.

✪✪✪

70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 10 ന് പുന്നമടക്കായലിൽ നടത്താൻ തീരുമാനിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഇന്നലെ ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് തീരുമാനമായത്.

✪✪✪

സിംഗപ്പൂർ ഓപ്പൺ വനിതാ സിംഗിൾസ് ബാഡ്മിന്റൺ പ്രീ ക്വാർട്ടറിൽ നിന്നും ഇന്ത്യയുടെ P.V സിന്ധു പുറത്തായി. സ്പെയിൻ താരം കരോലിന മരിനാണ് സിന്ധുവിനെ പരാജയപ്പെടുത്തിയത്.

✪✪✪

എഴുത്തുകാരൻ N.S മാധവൻ സൂക്ഷിച്ചിരുന്ന, മുൻ ദേവസ്വം കമ്മിഷണർ M. രാജരാജവർമ്മയുടെ സ്വകാര്യരേഖാ ശേഖരം കൊച്ചിയിൽ ആർക്കൈവ്സ് വകുപ്പിന് വേണ്ടി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഏറ്റുവാങ്ങി.

1920 കളിലെ വൈക്കം സത്യാഗ്രഹത്തിന്റേത് ഉൾപ്പെടെ ഒൻപത് ഡയറികളാണ് പുരാരേഖ വകുപ്പിന് കൈമാറിയത്. വൈക്കം സത്യഗ്രഹ കാലത്ത് M രാജരാജവർമ്മ തിരുവിതാംകൂർ ദേവസ്വം കമ്മിഷണർ ആയിരുന്നു.

✪✪✪